സുപ്രഭാതം

01 October 2019

# സ്രാവുകൾ കുറയുന്നു

## കരുതൽ വേണമെന്ന് സി.എം.എഫ്.ആർ.ഐ

കൊച്ചി: മുൻ വർഷങ്ങളെ അപേക്ഷിച്ച് സ്രാവ്, തിരണ്ടി വർഗങ്ങളിൽപ്പെട്ട മത്സ്യങ്ങളിൽ വൻ കുറവുണ്ടാകുന്നതായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ).

അതിനാൽ മത്സ്യബന്ധനത്തിൽ കരുതൽ വേണം. കഴിഞ്ഞ 20 വർഷത്തെ കണക്കെടുക്കുമ്പോൾ സ്രാവിന്റെ ഉൽപാദനം താഴോട്ടാണ്. അനിയന്ത്രിതമായി പിടിച്ചാൽ പല സ്രാവിനങ്ങളും വംശനാശത്തിന് ഇരയാകും. അതിനാൽ സ്രാവിന്റെ സംരക്ഷണത്തിന് കൂടുതൽ ശ്രദ്ധകൊടുക്കണമെന്ന് സി.എം.എഫ്.ആർ.ഐയിലെ ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടു.

മത്സ്യത്തൊഴിലാളികൾക്കായി നടത്തിയ ബോധവൽക്കരണ ശിൽപശാലയിലാണ് സി.എം.എഫ്.ആർ.ഐ ശാസ്ത്രജ്ഞരുടെ ഈ നിർദേശം. സ്രാവുകളുടെ ചിറകുകൾക്കുവേണ്ടി മാത്രമായി ഇന്ത്യയിൽ മത്സ്യബന്ധനം നടത്തുന്നില്ല. മറ്റ് ചില രാജ്യങ്ങളെ അപേക്ഷിച്ച് ഇക്കാര്യത്തിൽ ഇന്ത്യ മാതൃകയാണ്.



സ്രാവിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് ദേശീയ കർമരേഖ സി.എം.എഫ്.ആർ.ഐ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും സി.എം.എഫ്.ആർ.ഐയിലെ അടിത്തട്ട് മത്സ്യഗവേഷണ വിഭാഗം മേധാവി ഡോ.പി.യു സക്കറിയ പറഞ്ഞു.

ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള എഫ്.എ.ഒയും സി.എം.എഫ്.ആർ.ഐയും സംയുക്തമായി നടത്തുന്ന ഗവേഷണ പദ്ധതിയുടെ ഭാഗമായായിരുന്നു ശിൽപശാല. ഡോ.പി.യു സക്കറിയ, ഡോ. ടി.എം നജ്മുദ്ധീൻ, ബി. ഹംസ, എം. മജീദ്, ഡോ. രേഖ ജെ. നായർ സംസാരിച്ചു.